# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 12.03.2018-ൽ |
| ചോദ്യം നമ്പർ - T 2527 | മറുപടിയ്ക്ക് |

## വേങ്ങര നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) വേങ്ങര നിയോജകമണ്ഡലത്തിലെ വിവിധ റോഡുകൾ ജലനിധി പദ്ധതി പ്രകാരമുള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി കുഴിച്ചതിന് ശേഷം നാളിതുവരെയും അറ്റകുറ്റപ്പണികൾ നടത്താത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി റോഡ് കുഴിക്കുന്നത് ഇവ നന്നാക്കുന്നതിനായുള്ള തുക കെട്ടി വച്ചതിന് ശേഷമേ പാടുള്ളൂ എന്ന നിബന്ധനയുണ്ടോ; | (ബി) റോഡ് പുനസ്ഥാപിക്കുന്നതിനുള്ള തുക കെട്ടിവച്ചതിന് ശേഷം മാത്രമാണ് റോഡ് കുഴിക്കുന്നതിനുള്ള അനുവാദം നൽകി വരുന്നത്. പൊതുമരാമത്ത് റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയ യൂട്ടിലിറ്റീസ് സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 05.01.2018-ലെ സ.ഉ. (സാധാ) നം. 30/2018/പൊ.മ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) മേൽപ്പറഞ്ഞ തുക കെട്ടിവച്ചിട്ടും ഇപ്രകാരം തകർന്ന റോഡുകൾ നാളിതുവരെ ശരിയാക്കാൻ കഴിയാത്തത് എന്തു കൊണ്ടാണ്; വിശദമാക്കുമോ; | (സി) ജലനിധി അവരുടെ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതു കൊണ്ടാണ് പുനഃസ്ഥാപന പ്രവൃത്തികൾ തുടങ്ങാൻ സാധിക്കാത്തത്. ജലനിധിയുടെ പ്രവൃത്തി കഴിഞ്ഞ റോഡുകളിൽ പുനഃസ്ഥാപന പ്രവൃത്തികൾ ആരംഭി ച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത പ്രവൃത്തികൾ എത്ര കാലം കൊണ്ട് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | (ഡി) ജലനിധിയുടെ നിലവിലുള്ള പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏപ്രിൽ മാസത്തോടു കൂടി പൂർത്തിയാകുന്നതാണെന്ന് ജലനിധി അധികൃതർ അറിയിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കി ആയതിന്റെ ടെസ്റ്റിംഗ് നടത്തിയതിന് ശേഷം മാത്രമേ പ്രസ്തുത റോഡുകളിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ